"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - മാതൃക അങ്കണവാടി പദ്ധതി - കുന്നത്തൂർ നിയോജകമണ്ഡലത്തിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിലെ 95-ാം നമ്പർ അങ്കണവാടിയ്ക്ക് ഇലക്ട്രിഫിക്കേഷൻ ബിൽ തുകയുടെ ആനുപാതിക വകുപ്പ് വിഹിതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.148/2026/WCDD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:- 1. സ.ഉ(സാധാ) നം. 529/2017/സാനീവ തീയതി 04-08-2017

2. സ.ഉ(സാധാ)നം.1919/2022/Fin തീയതി 16/03/2022

3. സ.ഉ(സാധാ)നം.127/2025/WCDD തീയതി 24/03/2025

4. വനിത ശിശു വികസന ഡയറക്ടറുടെ 02/02/2026 തീയതിയിലെ DWCD/1841/2024-ICDS A8 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഒരു നിയോജക മണ്ഡലത്തിൽ ഒരു മാതൃക അങ്കണവാടി പദ്ധതി പ്രകാരം കുന്നത്തൂർ നിയോജക മണ്ഡലത്തിലെ ശാസ്താംകോട്ട ഐ.സി.ഡി.എസിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിലെ 95-ആം നമ്പർ അങ്കണവാടിയ്ക്ക് വകുപ്പ് വിഹിതമായി 17 ലക്ഷം രൂപയും ബന്ധപ്പെട്ട എം.എൽ.എ വിഹിതമായി 6.75 ലക്ഷം രൂപയും ചേർത്ത് ആകെ 23.75 ലക്ഷം രൂപ വിനിയോഗിച്ച് മാതൃക അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം(1) പ്രകാരം ഉത്തരവായിട്ടുണ്ട്. അങ്കണവാടിയുടെ ബിൽ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| | ഭരണാനുമതി തുക | **23,75,000/-** |
| | വകുപ്പ് വിഹിതം | **17,00,000/-** |
| | എം.എൽ.എ വിഹിതം | **6,75,000/-** |
| | കെട്ടിട നിർമ്മാണ പ്രവർത്തിയുടെ 1st, 2nd & Final തുകയുടെ ആനുപാതിക വകുപ്പ് വിഹിതമായി അനുവദിച്ച് നൽകിയ തുക | **12,36,691/-** |
| | വൈദ്യുതീകരണ ബിൽ തുക | **74,336/-** |
| | ആനുപാതിക വകുപ്പ് വിഹിതം | **53,208/-** |
| | എം.എൽ.എ വിഹിതം | **21,128/-** |

(2) ഒരു നിയോജക മണ്ഡലത്തിൽ ഒരു മാതൃക അങ്കണവാടി വീതം

നിർമ്മിക്കുന്നതിനായി മാതൃക അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ വകുപ്പ് വിഹിതം അനുവദിക്കുന്നതിനായി വനിത ശിശുവികസന വകുപ്പ് ഡയറക്ടറിനെ 2235-02-102-69 Supplementary Nutrition Programme For Children (100% CSS) ശീർഷകത്തിന്റെ CCO ആക്കി പരാമർശം(2) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ശീർഷകം ഇപ്പോൾ നിലവിലില്ലാത്തതിനാൽ, പരാമർശം(3) പ്രകാരം മാതൃക അങ്കണവാടി പദ്ധതിയിൽ ഉൾപ്പെട്ട മറ്റ് 3 അങ്കണവാടികളുടെ ഫൈനൽ ബിൽ തുകയുടേയും, ഒരു അങ്കണവാടിയുടെ പാർട്ട് ബിൽ തുകയുടേയും വകുപ്പ് വിഹിതമായ ₹45,91,425/-രൂപ 4235-02-102-87 (P) ശീർഷകത്തിൽ prioritize ചെയ്ത തുകയ്ക്ക് ഉപരിയായി ഒറ്റത്തവണ തീർപ്പാക്കൽ എന്ന രീതിയിൽ 4235-02-102-87(P) ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട് .

(3) കുന്നത്തൂർ നിയോജകമണ്ഡലത്തിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിലെ 95-ആം നമ്പർ മാതൃക അങ്കണവാടി കെട്ടിടനിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ ബിൽ തുകയുടെ ആനുപാതിക വകുപ്പ് വിഹിതമായ ₹53,208/- രൂപ കണ്ടെത്താവുന്നതാണെങ്കിലും, പ്രസ്തുത തുകയ്ക്ക് ഭരണാനുമതി ലഭ്യമായിരുന്നതു വനിത ശിശു വികസന ഡയറക്ടർ CCO ആയിട്ടുള്ള 2235-02-102-69(P) എന്ന ശീർഷകത്തിൽ നിന്നായതിനാലും, പ്രസ്തുത ശീർഷകം ഇപ്പോൾ നിലവിലില്ലാത്ത സാഹചര്യത്തിലും , നടപ്പ് സാമ്പത്തിക വർഷത്തെ 4235-02-102-87(P) ശീർഷകത്തിൽ തുക അവശേഷിക്കുന്നതിനാലും, പ്രസ്തുത തുക 4235-02-102-87(P) ശീർഷകത്തിൽ നിന്ന് അനുവദിക്കണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം(4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട് .

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു നിയോജകമണ്ഡലത്തിൽ 'ഒരു മാതൃക അങ്കണവാടി' പദ്ധതിയിൽ ഉൾപ്പെട്ട കുന്നത്തൂർ നിയോജകമണ്ഡലത്തിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിലെ 95-ആം നമ്പർ മാതൃക അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ ബിൽ തുകയായ **₹53,208/-**(അൻപത്തിമൂവായിരത്തി ഇരുന്നൂറ്റി എട്ട് രൂപ മാത്രം) രൂപ നടപ്പ് വർഷത്തെ 4235-02-102-87(P) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ M S
അണ്ടർ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-1/19/2022-FIN(2252126) തീയതി 12/03/2026)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Sithara Vijayan**
**Date: 13-03-2026 22:14:31**

സെക്ഷൻ ഓഫീസർ